മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ഔഷധങ്ങളില്ല; രോഗികളുമില്ല; എന്നാൽ ചികിത്സിക്കുവാൻപറ്റിയ വൈദ്യന്മാരുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ: ഔഷധങ്ങളും ഉണ്ട്; വൈദ്യന്മാരുമുണ്ട്. രോഗികളില്ലെന്നു ഞാൻ പറഞ്ഞിട്ടില്ല.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: രോഗികളില്ലെന്ന് ഇവിടെ പറയുന്നതു കേട്ടവല്ലോ.

റാവുബഹദൂർ ടി. കെ. നായർ: രോഗികളില്ലെന്നു ഞാൻ പറഞ്ഞിട്ടില്ല. ഈ കൌൺസിൽകഴിഞ്ഞാൽ ഉടനെ അതിനെപ്പറ്റി അന്വേഷിക്കാം.

EXPORT OF TIMBER—RESTRICTION ON

23. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) രാജ്യത്തുള്ള മരവും തടിയും അന്യദേശങ്ങളിലേക്കു് കയറ്റി അയക്കാതെ അതാതു രാജ്യങ്ങളിലെ യുദ്ധാനന്തര ഭവനനിർമ്മാണത്തിനായി വിനിയോഗിക്കുവാൻ ഇന്ത്യയിലെ സംസ്ഥാന ഗവൺമെണ്ടുകൾ നിശ്ചയിച്ചിട്ടുള്ളതായി ഗവൺമെണ്ടിനറിയാമോ ;

(ബി) കൊച്ചി ഗവൺമെണ്ടിനും അപ്രകാരമുള്ള വല്ല ഉദ്ദേശവുമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഇപ്രകാരം മരവും തടിയും അന്യദേശങ്ങളിലേക്കു് കയറ്റി അയക്കുന്നതിനെ തടഞ്ഞുകൊണ്ടു് ഒരു കൽപനയായ ഉത്തരവു് ഇന്ത്യയിലെ സംസ്ഥാന ഗവൺമെണ്ടുകളിൽ നിലവിലുള്ളതായി അറിവില്ല. പക്ഷെ കയറ്റുമതി ചെയ്യുന്ന വനദ്രവ്യങ്ങൾ അതാതു രാജ്യത്തെ ആവശ്യങ്ങൾക്കുള്ളതു കഴിച്ചേ അനുവദിക്കാൻ വഴിയുള്ളൂ.

(ബി) കൊച്ചിരാജ്യനിവാസികളുടെ ആവശ്യം കഴിച്ചു ബാക്കി വരുന്നതും, ഈ രാജ്യത്തു് മിക്കവാറും ഉപയോഗിക്കാറില്ലാത്തതും ആയ പാഴ്മരങ്ങൾ മാത്രമെ ഈ ഗവൺമെണ്ടു കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുള്ളൂ.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ബങ്കാൾ ഗവൺമെണ്ടു് പാസ്സാക്കീട്ടുള്ള നിയന്ത്രണോത്തരവു് ഹിന്ദുപത്രത്തിൽ പ്രസിദ്ധംചെയ്തിരുന്ന റിപ്പോർട്ട് ഗവൺമെണ്ടു കണ്ടിട്ടുണ്ടോ ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ ഒരു റിപ്പോർട്ട് ഹിന്ദുപത്രത്തിൽ കണ്ടതായിട്ടു് ഓർക്കുന്നില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇവിടെനിന്നു മരത്തടികളും മറ്റും കയറ്റി അയക്കുവാൻ പാടില്ലെന്നുള്ള ഉത്തരവു് ഇല്ലെന്നു പറഞ്ഞു. എന്നാൽ കയറ്റി അയക്കണമെന്നുള്ള ഉത്തരവുള്ളതായിട്ടു് അറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: യുദ്ധകാലത്തു് അങ്ങിനെ അയക്കണമെന്നുണ്ടായിരുന്നു. യുദ്ധകാലം കഴിഞ്ഞതിനുശേഷം ഇപ്പോൾ ഇവിടെ ആവശ്യമുള്ള തേക്കു മുതലായ നല്ലമരങ്ങളും കയറ്റി അയക്കുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: തേക്കു കയറ്റി അയക്കുന്നില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ലെന്നാണു് അറിവു്. ഇവിടെ ആവശ്യമില്ലാത്ത പാഴ് മരങ്ങളും മാത്രമേ കയറ്റി അയക്കുന്നുള്ളൂ.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: പാഴ്മരങ്ങളും എന്നുപറയുമ്പോൾ ഗവൺമെൻറ് ഉദ്ദേശിക്കുന്നതു് ഏതൊക്കെയാണു് ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഏലവു്, വെള്ള അയനി മുതലായ മരങ്ങളാണു് പുറത്തേക്കു് കയറ്റി അയക്കുന്നതു്. ഇവിടെ ആവശ്യമില്ലാത്ത Soft woods കൂടുതൽ വില കിട്ടുന്നതുകൊണ്ടാണു് കയറ്റി അയക്കുന്നതു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: കൊച്ചിരാജ്യനിവാസികളുടെ ആവശ്യം കഴിച്ചിട്ടുള്ളതാണു് പുറത്തേക്കു് കയറ്റി അയക്കുന്നതെന്നു് പറഞ്ഞു. ഈ ആവശ്യം എങ്ങിനെയാണു് നിശ്ചയിക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇവിടത്തെ ജനങ്ങളുടെ ആവശ്യത്തിനുള്ള മരങ്ങൾ കിട്ടാത്തതായിട്ടുള്ള യാതൊരു പരാതിയും ഉണ്ടായിട്ടില്ല. അതുകൊണ്ടാണു് ഇവിടത്തെ ആവശ്യം കഴിച്ചുള്ളതു മാത്രമേ കയറ്റി അയക്കുന്നുള്ളുവെന്നുപറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ സോഫ്ട്‌വുഡ്സ് എന്തിനൊക്കെയാണ് ഉപയോഗിക്കുന്നത്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പ്ലൈവുഡ്സ് ഉണ്ടാക്കുവാനും, മേച്ചുബോക്സ് ഉണ്ടാക്കുവാനും മറ്റും ഉപയോഗിക്കാവുണ്ട്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കൊച്ചിരാജ്യത്തിൽ ഉള്ള ഫാക്ടറികളിൽ അവക്കാവശ്യമുള്ള മരങ്ങൾ കിട്ടുന്നില്ലെന്നുള്ള ആക്ഷേപം ഇല്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല. അവക്കു് ചുരുങ്ങിയ വിലക്കു് മരങ്ങൾ കൊടുക്കുന്നില്ലെന്നുള്ള ആക്ഷേപങ്ങൾ ഉണ്ട്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അന്യരാജ്യങ്ങളിലേക്കു് കയറ്റി അയക്കുന്നതിനേക്കാൾ ഭേദം ഇവിടെയുള്ളവക്കു് ഒരു കൺസഷൻ റെയിറ്റിനു് കൊടുക്കുന്നതായാൽ നമ്മുടെ രാജ്യത്തെ ഇൻഡസ്ട്രി ഡവലപ്പ് ചെയ്യുകയില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ കൺസഷൻ റേറ്റിനു് കൊടുക്കണമെന്നു് ഗവമ്മെണ്ടു വിചാരിക്കുന്നില്ല. കൂടുതൽ വില കിട്ടുന്നതുകൊണ്ടാണു് അന്യരാജ്യങ്ങളിലേക്കു് അയച്ചുകൊടുക്കുന്നതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അപ്പോൾ ഇവിടെ തൊഴിൽശാലകൾ ശരിയായിട്ടു നടക്കുകയില്ലെന്നും, തന്മൂലം ഇവിടെയുള്ള തൊഴിലാളികൾക്കു് പ്രവൃത്തിയില്ലാതാവുകയും, നാട്ടിൽ ദാരിദ്ര്യം വർദ്ധിക്കുകയും ചെയ്യുമെന്നും ഗവമ്മെണ്ടിനു് അറിഞ്ഞുകൂടെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: തൊഴിൽ ശാലകൾ ഇല്ലാതെയാക്കണമെന്നോ, തൊഴിലാളികൾക്കു് വേലയില്ലാതെയാക്കണമെന്നോ ഉദ്ദേശമില്ല. എപ്പോഴും വേല അവക്കുകൊടുക്കുവാൻ തയ്യാറാണു്. കൺസഷൻ റേറ്റിനു് കൊടുക്കുവാൻ സാധിക്കുകയില്ലെന്നേ പറയുന്നുള്ളൂ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഭക്ഷ്യസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവമ്മെണ്ടിൽനിന്നു് Subsidy കൊടുക്കുന്നില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഭക്ഷ്യസാധനങ്ങളെ സംബന്ധിച്ചു ഗവമ്മെണ്ടു് Subsidy കൊടുക്കുന്നുണ്ടു്. അതുപോലെ മറ്റു സാധനങ്ങൾക്കു് കൊടുക്കുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: Soft woods കിട്ടാത്തതുകൊണ്ടു് ഫാക്ടറികളിൽ പണിമുടക്കങ്ങൾ ഉണ്ടായിട്ടില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വ്യവസായത്തെ പ്രോത്സാഹിപ്പിക്കണമെന്നല്ലെ ഗവമ്മെണ്ടിന്റെ നില?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ. കുറഞ്ഞ വിലക്കു് മരങ്ങൾ കൊടുക്കണമെന്നു് ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വ്യവസായത്തെ വർദ്ധിപ്പിക്കുവാൻ ആനുകൂല്യങ്ങൾ ചെയ്യേണ്ടതല്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഗവമ്മെണ്ടിനു് നഷ്ടം വന്നിട്ടു് അങ്ങിനെ ചെയ്യണമെന്നു് ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇങ്ങിനെ കൊടുക്കുന്നതുകൊണ്ടു് വ്യവസായികൾക്കു് അതു ഒരു പ്രോത്സാഹനമാകുമെന്നു് ഗവമ്മെണ്ടു് മനസ്സിലാക്കീട്ടുണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വ്യവസായികൾക്കു് ചുരുങ്ങിയ വിലക്കു് സാമാനങ്ങൾ കിട്ടിയാൽ അവക്കു് സന്തോഷമായിരിക്കും.

മിസ്റ്റർ ഏ. ഈച്ചരമേനോൻ: നല്ല മരങ്ങൾ പുറത്തേക്കു് കൊടുത്തുകഴിഞ്ഞാൽ ഇവിടെയുള്ളവക്കു വീടുപണികൾക്കും മറ്റും ബുദ്ധിമുട്ടു നേരിടുകയില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കൊച്ചിരാജ്യനിവാസികളുടെ ആവശ്യം കഴിച്ചു ബാക്കിയുള്ളതാണു് പുറത്തേക്കു കൊടുക്കുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: Soft woods കിട്ടാത്തതുകൊണ്ടു് പണിമുടക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ലെന്നാണു് അറിവു്.

മിസ്റ്റർ പി. കെ. ഡിവർ: Soft woods പുറത്തേക്കു് കയറ്റി അയക്കുന്നതുകൊണ്ടു്, തൊഴിലാളികൾക്കു് പണികൊടുക്കുവാൻ സാധിക്കാത്ത പരിതസ്ഥിതി ഉണ്ടായിട്ടുള്ളതായി ഏതെങ്കിലും വ്യവസായ ഉടമസ്ഥന്മാരുടെ പക്കൽനിന്നു് പരാതി വന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പരാതിവന്നിട്ടില്ലെന്നതന്നയല്ല; അങ്ങിനെ കൂടിയ വിലക്കു് മരം കിട്ടുന്നപക്ഷം തൊഴിലാളികൾക്കു് ഇന്നത്തേക്കാൾ കൂടുതൽ കൂലികൊടുത്തുകൊള്ളാമെന്നു് ഒരു മുതലാളിയും പറഞ്ഞിട്ടുമില്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കൂടിയ വിലക്കു് മരംകൊടുത്താൽ കൂടുതൽ കൂലി കൊടുക്കാമെന്നു് ഫാക്ടറി ഉടസ്ഥൻ സമ്മതിച്ചാൽ മരം കൊടുക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് അപ്പോൾ ആലോചിക്കാം.

മിസ്റ്റർ പി. ടി. ജേക്കബ്: ഇന്നത്തെ വർദ്ധിച്ച ജീവിതത്തോതനുസരിച്ചു തൊഴിലാളികൾക്കു് കൂലി കിട്ടേണ്ടതാണെന്നു് ഗവൺമെന്റിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വർദ്ധിച്ച ജീവിതത്തോതനുസരിച്ചു് കൂലിക്കു പുറമെ അവർക്കു് ഡിയർണസ്സു് അലവൻസ്സു്, ബോണസ്സു് മുതലായതു കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഈ മരങ്ങൾ പുറത്തേക്കു് അയക്കാതെ കൂടുതൽ വിലക്കു് ഇവിടെ വിൽക്കുവാൻ നോക്കരുതെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇവിടത്തെ ആവശ്യം കഴിച്ചുള്ളതുമാത്രമേ പുറത്തേക്കു് അയക്കുന്നുള്ളൂ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇവിടെ കുറഞ്ഞ വിലക്കു് എടുക്കുവാൻ ആളില്ലാത്തതുകൊണ്ടു് പുറത്തേക്കു് അയക്കുന്നുവെന്നാണോ പറഞ്ഞതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയല്ല പറഞ്ഞതു്. കൂടുതൽ വിലക്കു് എടുക്കുവാൻ ആളില്ലാതുകൊണ്ടു് പുറത്തേക്കു് അയക്കുന്നുവെന്നാണു്.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: മരം പുറത്തേക്കു് അയക്കണമെങ്കിൽ പെർമിറ്റ് വേണ്ടേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വേണ്ടായെന്നാണു തോന്നുന്നതു്.

Mr. M. Sivarama Menon *(Advocate-General)*: Even though it is not a question of law, I may say for the information of the House that if you want to export timber you must obtain a permit from the Conservator of Forests; otherwise the Railway will not book it.

മിസ്റ്റർ ജോസ് കെ. വള്ളിസ്സു്: അപ്പോൾ ഇവിടെനിന്നു കയറ്റി അയക്കുന്ന മരത്തിന്റെ കണക്കു എത്രയാണെന്നു കൺസർവേറ്റർക്കു് അറിയുകയില്ലെ?

Mr. M. Sivarama Menon *(Advocate-General)*: I only said that a special permit of the Conservator should be obtained in order that the Railway administration may take the goods for booking.

Mr. M. O. Thomakutty *(Commerce and Industry)*: May I know sir who is the officer that issues the permits for transport of timber by sea in ships?

Mr. M. Sivarama Menon *(Advocate-General)*: I never mentioned ships. I only stated for transport through railway.

മിസ്റ്റർ പി. കെ. ഡിവർ: നാട്ടുകാർക്കു കുറഞ്ഞ വിലക്കു ഈ മരം കൊടുത്താൽ അവർ അതു് പുറത്തേക്കയച്ചു് കൂടുതൽ വിലക്കു് വിൽക്കുകയില്ലെന്നു് ഗവൺമെന്റിന്നു് വല്ല ഉറപ്പും കിട്ടീട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവർക്കു് അങ്ങിനെയും ആദായം കിട്ടണമെന്നുള്ളതുതന്നെയാണു് ഉദ്ദേശം.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഉത്തരം (ബി) യിൽ "കൊച്ചിരാജ്യന്നാവശ്യകടെ ആവശ്യം കഴിച്ചു ബാക്കി വരുന്നതു്" എന്നുപറഞ്ഞിട്ടുള്ളതു് അന്വേഷണം കഴിച്ചിട്ടോ, അതോ വെറും അനുമാനംകൊണ്ടു് പറഞ്ഞിട്ടുള്ളതോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അനുമാനമല്ല. ഇവിടെ ആക്കം പോരാതെ വന്നിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: അതുതന്നെയാണു് അനുമാനമാണോ എന്നു ചോദിക്കുവാൻ കാരണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: നെന്മാറയിൽ ഒരു മാച്ച് ഫാക്ടറി ഉടമസ്ഥനു് മരം കുറഞ്ഞ വിലയ്ക്കു കൊടുത്തിട്ടു് അതു കൂടുതൽ വിലക്കു് പുറത്തേക്കയച്ചു വിറ്റുവെന്നു് കേൾക്കുന്നുതായിട്ടു് അറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സു് വേണം.

COVERED DRAIN—CONSTRUCTION OF

24. Shabdai S. Koder *(Nominated)*: Will Government be pleased to state.—

(*a*) whether the Mattancheri Municipality has constructed the covered drain in front of the White Jews' Synagogue in Mattancheri as ordered by Government;

(*b*) if the answer is in the negative, the reason for the long delay?

Rao Sahib K. Ayyappan *(Minister for Public Works)*:

(*a*) No.

(*b*) There is a verandah projecting in the place. If a drain is to be constructed underneath the verandah, the cleaning of the covered drain to the entire length of the verandah cannot be successfully carried out. As this will give rise to complaints, the Municipality is now taking steps for removing the encroachment.

Mr. Shabdai S. Koder *(Nominated)*: May I know how long this proposal has been before the Municipal Council?

Rao Sahib K. Ayyappan *(Minister for Public Works)*: I want notice.

Shabdai S. Koder *(Nomniated)*: What was the date of the Government Order?

Rao Sahib K. Ayyappan *(Minister for Public Works)*: Which Government order does the Hon'ble Member mean?

Shabdai S. Koder *(Nominated)*: The Government order implied in sub-division (*a*) of my question.

Rao Sahib K. Ayyappan *(Minister for Public Works)*: I want notice.

Shabdai S. Koder *(Nominated)*: In view of the stinking condition of the drain will the Government see that the drain is constructed without any further delay?

Rao Sahib K. Ayyappan *(Minister for Public Works)*: Yes.

Mr. M. O. Thomakutty *(Commerce and Industry)*: May I know, what is the length of the Verandah?

Rao Sahib K. Ayyappan *(Minister for Public Works)*: I want notice.

INCREASE IN EMOLUMENTS TO GOVERNMENT SERVANTS

25. Mrs. T. Francis *(Ernakulam-Women)*: Will Government be pleased to state what precentage of increase over the emoluments of 1940, they are paying to their subordinates who are drawing salaries of Rs. 40 and below?

Mr. K. Govinda Menon *(Comptroller of Finance and Accounts)*:

In 1940 these officers got only their basic pay. Now they get their basic pay plus Dearness Allowance as follows.—Officers on Rs. 40 get Dearness Allowance of Rs. 22—8—0 and those below get Rs. 20. In Ernakulam and Trichur they get Town Allowance of 15 and 10 per cent respectively. Part time servants get Dearness Allowance equal to their pay. Exact percentage cannot be easily given, as the pay of the officers varies.

Mrs. T. Francis *(Ernakulam-Women)*: Sir, I do not put the question.

26. Mr. Parambi Lonappen *(Irinjalakkuda)*: Will Government be pleased to state what percentage of increase over the rates of emoluments of 1940 they are paying to their subordinates who are on a pay of Rs. 40 and below?

Mr. K. Govinda Menon *(Comptroller of Finance and Accounts)*: In 1940 these officers got only their basic pay. Now they get their basic pay plus Dearness Allowance as follows.—Officers on Rs. 40 get Dearnesss Allowance of Rs. 22—8—0 and those below get Rs. 20. In Ernakulam and Trichur they get Town Allowance of 15 and 10 per cent respectively. Part time servants get Dearness Allowance equal to their pay. Exact percentages cannot be easily given, as the pay of the officers varies.

INTRODUCTION OF BASIC EDUCATION

27. Mrs. Dakshayani Velayudhan *(Nominated)*: Will Government be pleased to state whether it intends to introduce Basic Education in the State?

LIBRARY ARCHIVES Kerala Legislative Assembly